## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2876

02.4.2013- ൽ
മറുപടിക്ക്

## കയർ ക്ഷേമനിധി ബോർഡിൽ അംഗത്വ വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ ക്ഷേമനിധി ബോർഡിൽ അംഗത്വ വിഹിതമായി പ്രതിവർഷം ഒരംഗത്തിൽ നിന്ന് എത്രതുകയാണ് വാങ്ങുന്നത്; ഇപ്പോൾ എത്ര വർഷത്തെ അംഗത്വവിഹിതമാണ് അടപ്പിക്കുന്നത്; | (എ) പ്രതിമാസം 5/- രൂപ നിരക്കിൽ പ്രതിവർഷം 60/-രൂപയാണ് അംശാദായമായി അടയ്ക്കേണ്ടത്.തൊഴിലാളികളുടെ സൗകര്യാർത്ഥം അവരുടെ കഴിവിനനുസരിച്ച് സ്വമേധയാ മുൻകൂർ ആയി അംശാദായം അടച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ചുരുക്കം ചിലരിൽ നിന്നും 2015 വരെയുള്ള അംശാദായം ലഭിച്ചിട്ടുണ്ട്. |
| (ബി)രണ്ടും മൂന്നും വർഷത്തെ അംഗത്വ വിഹിതം ഒരുമിച്ചവാങ്ങി സർക്കാർ വിഹിതം കൂടുതൽ വാങ്ങാൻ ബോർഡു ശ്രമിക്കുന്നത് വരും വർഷങ്ങളിൽ ബോർഡിനെ സാമ്പത്തിക പ്രതിസന്ധി യിലാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ക്ഷേമനിധി അംഗങ്ങൾ അവരുടെ സൗകര്യാർത്ഥം സ്വമേധയാ അടയ്ക്കുന്ന മുൻകൂർ അംശദായം സ്വീകരിക്കുന്നത് സർക്കാർ വിഹിതം വർദ്ധിപ്പിച്ച് ലഭിക്കുവാൻ വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമല്ല. മേൽ പ്രകാരം എല്ലാ അംഗങ്ങളും മുൻകൂറായി പണം അടയ്ക്കുന്നില്ല എന്നതിനാൽ ബോർഡിന് അപ്രകാരം സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ